# HAND BOOK ON
# OPD REGISTRATION
## NextGen e-Hospital

### INDEX


| Sl No | Subject | Page No |
|---|---|---|
| 1 | OPD Registration | 1 |
| 2 | Revisit Registration | 4 |
| 3 | Registration using ABHA | 6 |
| 4 | Registration by Scan & Share | 8 |
| 5 | ABHA Creation in NextGen | 10 |
| 6 | Casualty Registration | 12 |
| 7 | Update OPD Data | 13 |
| 8 | Reports | 15 |



Prepared by:

**DR MANESH KUMAR E**

State Nodal Officer [ I T ]


Indian Systems of Medicine

# OPD REGISTRATION IN NEXTGEN E-HOSPITAL


NextGen E-Hospital ൽ ഓ.പി. യിൽ എത്തുന്ന രോഗികൾക്ക് രജിസ്ട്രേഷൻ നടത്തി, ഓ.പി. ടിക്കറ്റ് ജനറേറ്റ് ചെയ്യുന്നത് OPD Registration എന്ന മോഡ്യൂൾ വഴിയാണ്. ലോഗിൻ ചെയ്തശേഷം OPD Registration എന്ന മോഡ്യൂളിൽ ക്ലിക്ക് ചെയ്താൽ default ആയി Patient Registration Desk ലെ New Registration എന്ന ഓ.പി. രജിസ്ട്രേഷൻ പേജ് ഓപ്പണാകുന്നതാണ്.




ഈ പേജിൽ തന്നെ ആദ്യം ഓപ്പണാകുന്നത് താഴെ കാണുന്ന ABDM വിൻഡോ ആണ്. ABHA നമ്പർ ഉള്ള രോഗികൾക്കും, സ്കാൻ & ഷെയർ വഴി ടോക്കൺ എടുത്തിട്ടുള്ളവർക്കും ഓ.പി. രജിസ്ട്രേഷൻ ചെയ്യേണ്ടത് ഈ വിൻഡോ വഴിയാണ്. സർക്കാർ നിർദ്ദേശം അനുസരിച്ച്, ABHA വഴിയുള്ള ഓ.പി. രജിസ്ട്രേഷൻ നടപടികൾ പ്രോൽസാഹിപ്പിക്കേണ്ടതാണ്. പൊതുജനങ്ങൾക്ക് അവരുടെ ഡിജിറ്റൽ ഹെൽത്ത് റിക്കോർഡുകൾ സൂക്ഷിക്കുന്നതിനും ABHA വഴിയുള്ള രജിസ്ട്രേഷൻ നടത്തേണ്ടതുണ്ട്.



ABDM വിൻഡോ വഴിയുള്ള രജിസ്ട്രേഷൻ നടപടികൾ ഈ ഹെൽപ്പ്ഫയലിൽ അവസാനം പറയുന്നതാണ്. ABHA നമ്പർ ഇല്ലാത്തവർക്കും സ്കാൻ & ഷെയർ വഴി ടോക്കൺ എടുക്കാത്തവർക്കും മാന്വലായി ഓ.പി രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. അതിനായി ABDM വിൻഡോ ക്ളോസ് ചെയ്യുക. തുടർന്ന് Patient Registration പേജ് കാണാവുന്നതാണ്.





ഈ പേജിൽ ഏറ്റവും മുകളിലായി Search Patient By എന്ന ഓപ്ഷൻ കാണാവുന്നതാണ്. മുമ്പ് നമ്മുടെ ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയ രോഗികളുടെ റീവിസിറ്റ് രജിസ്ട്രേഷൻ ചേർക്കേണ്ടത് ഈ ഓപ്ഷൻ വഴിയാണ്. ABHA Address, UHID, Mobile, Name. Scan data എന്നീ ഓപ്ഷനുകൾ ഉപയോഗിച്ച് രോഗിയുടെ പേര് സെർച്ച് ചെയ്ത് കണ്ടുപിടിക്കാവുന്നതാണ്. സാധാരണ രീതിയിൽ UHID നമ്പർ ഉപയോഗിച്ചാണ് രജിസ്ട്രേഷൻ ചെയ്യുന്നത്. ഓ.പി. നമ്പർ കൈവശമില്ലാത്ത രോഗികളുടെ വിവരങ്ങൾ മൊബൈൽ നമ്പർ ഉപയോഗിച്ച് സെർച്ച് ചെയ്ത് കണ്ടുപിടിക്കാവുന്നതാണ്.

പുതുതായി എത്തുന്ന ഒരു രോഗിയുടെ രജിസ്ട്രേഷൻ ചെയ്യുന്നതിനായി Patient Details എന്ന പേജിലെ അടിസ്ഥാനവിവരങ്ങൾ പൂരിപ്പിക്കുക. **Mobile Number, Title, First Name, Gender, Age, Address എന്നീ വിവരങ്ങൾ നിർബന്ധമായും ചേർക്കേണ്ടതാണ്.** State, District, Billing Type എന്നിവ തനിയെത്തന്നെ സെലക്ഷൻ ആയിട്ടുണ്ടാവും. ABHA നമ്പർ, സ്കാൻ & ഷെയർ


എന്നിവ വഴി രജിസ്റ്റേഷനായി എത്തുന്ന രോഗികളുടെ വിവരങ്ങൾ നമ്മൾ മാന്വലായി എന്റർ ചെയ്യേണ്ടതില്ല. അത് തനിയെത്തന്നെ ABDM വിൻഡോ വഴി എന്റർ ആകുന്നതാണ്.




തുടർന്ന്, Visit Details എന്ന ഭാഗത്ത് കാണിക്കേണ്ട ഡിപ്പാർട്ട്മെന്റിന്റെയും ഡോക്ടറുടെയും പേരുകൾ സെലക്ട് ചെയ്യേണ്ടതാണ്. Department, Clinic എന്നീ കോളങ്ങളിൽ ഡ്രോപ്ഡൗൺ മെനുവിൽ നിന്നും സെലക്ഷൻ ചെയ്തശേഷം, കാണിക്കേണ്ട ഡോക്ടറുടെയും പേര് സെലക്ട് ചെയ്ത് , താഴെയുള്ള **Register** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ഓ.പി. രജിസ്ട്രേഷൻ പൂർത്തിയാവുന്നതും, ഓ.പി. ടിക്കറ്റ് ജനറേറ്റ് ആവുന്നതുമാണ്.




ഇപ്രകാരം, ജനറേറ്റ് ചെയ്യുന്ന ഓ.പി. ടിക്കറ്റിന്റെ മുകൾഭാഗത്തുള്ള **Print** ഓപ്ഷൻ വഴി ഓ.പി. ടിക്കറ്റിന്റെ പ്രിന്റ് എടുക്കാവുന്നതാണ്.



**Govt Ayurveda Hospital Ayoor**

**GOVT. AYURVEDA HOSPITAL,AYOOR, AYOOR PO ,KOLLAM, Edamulackal, Punalur, KOLLAM, KERALA, 691533 ,KOLLAM,KERALA,Pin: 691533**

| | |
|---|---|
| Registration No : 20240009513 | Dr. Manesh Kumar E |
| Visit No : 1 / Token No : 2 | BAMS,MD |
| Room No : Main Building,Block A,Ground,1 | General Medicine |


**OUT PATIENT RECORD**

| | |
|---|---|
| Name : **Mr. Shamsudeen** | Registration Amount : **Rs. 5** |
| Sex/Age : **56Y / M** | Mobile No : |
| Department : General | Address :Muhsina Manzil, Manjappara,KOLLAM(KERALA) |
| Dept. Reg. No : 20240004271 | **Date of Registration :14/11/2024 10.46 AM** |
| Patient Type : General | MLC Patient : NO |


Cancel

# REVISIT REGISTRATION

**റീവിസിറ്റിനായി രോഗികൾ വരുമ്പോൾ Patient Registration Desk ലെ New Registration എന്ന ഓപ്ഷനിലെ Search patient By എന്ന മെനു ഉപയോഗിച്ചാണ് രജിസ്റ്റർ ചെയ്യേണ്ടത്.** ഈ മെനുവിൽ വിവിധ ഓപ്ഷനുകൾ ഉപയോഗിച്ച് രജിസ്ട്രേഷൻ നടപടികൾ ചെയ്യാവുന്നതാണ്. പഴയ ഓ.പി. ടിക്കറ്റ് കൊണ്ടുവന്നിട്ടുണ്ടെങ്കിൽ, UHID എന്ന ഓപ്ഷൻ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. നിർദ്ദിഷ്ട കോളത്തിൽ UHID നമ്പർ എന്റർ ചെയ്തശേഷം, വലതുവശത്തുള്ള **Search** ബട്ടണിൽ ക്ലിക്ക് ചെയ്യുക.





തുടർന്ന്, രോഗിയുടെ മുഴുവൻ വിവരങ്ങളും താഴെയായി തനിയെത്തന്നെ ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്. മുമ്പ് കാണിച്ചിരുന്ന ഡോക്ടറുടെ പേര് default ആയി ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്. വേറെ ഡോക്ടറെ കാണണമെങ്കിൽ, താഴെയുള്ള കോളങ്ങളിൽ നിന്നും സെലക്ട് ചെയ്യാവുന്നതാണ്. ഇപ്രകാരം ഡോക്ടറുടെ പേര് സെലക്ട് ചെയ്തശേഷം, താഴെയുള്ള **Register** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാവുന്നതും ഓ.പി. ടിക്കറ്റ് ജനറേറ്റ് ആകുന്നതുമാണ്.




# OP REGISTRATION USING ABHA

ABHA നമ്പർ ഉള്ള രോഗികൾക്ക് അതുപയോഗിച്ച് ഓ.പി. രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. ഇപ്രകാരം ABHA നമ്പർ ഉപയോഗിച്ച് നടത്തുന്ന രജിസ്ട്രേഷനിൽ ആധാർ ഡേറ്റാബേസിലുള്ള വിവരങ്ങളാണ് നൽകപ്പെടുന്നത് എന്നതിനാൽ, രോഗിയുടെ വിവരങ്ങൾ കൃത്യമായിരിക്കും. **മാനുവലായി വിവരങ്ങൾ എന്റർ ചെയ്യുമ്പോൾ ഉണ്ടായേക്കാവുന്ന മിസ്റ്റേക്കുകൾ ABHA നമ്പർ ഉപയോഗിച്ചുള്ള രജിസ്ട്രേഷനിലും സ്കാൻ & ഷെയർ രജിസ്ട്രേഷനിലും ഉണ്ടാവുകയില്ല.**


ABHA നമ്പർ ഉപയോഗിച്ച് ഓ.പി. ടിക്കറ്റ് എടുക്കുന്നതിനായി Patient Registration Desk ലെ New Registration എന്ന ഓപ്ഷൻ എടുക്കുക. ABDM ന്റെ വിൻഡോ ഓപ്പണാകുന്നതാണ്. ഈ വിൻഡോ വഴിയാണ് ABHA നമ്പർ ഉപയോഗിച്ചുള്ള ഓ.പി. രജിസ്ട്രേഷൻ ചെയ്യേണ്ടത്.





അതിൽ default ആയി Patient have ABHA എന്ന ഓപ്ഷൻ സെലക്ഷൻ ആയി കിടക്കുന്നുണ്ടാവും. അതിനുതാഴെയുള്ള Enter ABHA Address എന്ന കോളത്തിൽ രോഗിയുടെ ABHA Number / ABHA Address എന്റർ ചെയ്യുക. ആഭാ അഡ്രസ്സ് അല്ലെങ്കിൽ ആഭാ നമ്പർ ഇവയിൽ ഏതെങ്കിലുമൊന്ന് നൽകാവുന്നതാണ്. ഇപ്രകാരം നിർദ്ദിഷ്ട കോളത്തിൽ ABHA Number / ABHA Address എന്റർ ചെയ്തശേഷം, വലതുവശത്തുള്ള NEXT ബട്ടണിൽ ക്ലിക്ക് ചെയ്യുക.



തുടർന്ന്, രോഗിയുടെ മൊബൈൽ ഫോണിൽ വരുന്ന OTP, നിർദ്ദിഷ്ട കോളത്തിൽ എന്റർ ചെയ്തശേഷം, വലതുവശത്തുള്ള Verify ബട്ടണിൽ ക്ലിക്ക് ചെയ്യുക. **രോഗിയുടെ ABHA നമ്പറിലുള്ള വിവരങ്ങൾ, അയാളുടെ സമ്മതത്താൽ മാത്രമേ ആശുപത്രിയുടെ സോഫ്റ്റ്‌വെയറിലേക്ക് ഷെയർ ചെയ്യാൻ കഴിയൂ എന്നതിനാലാണ് ഓ.ടി.പി. മുഖേനയുള്ള സമ്മതം ആവശ്യപ്പെടുന്നത്.**





നമ്മൾ നൽകുന്ന OTP കൃത്യമാണെങ്കിൽ, Patient Details എന്ന രജിസ്ട്രേഷൻ പേജിൽ രോഗിയുടെ മുഴുവൻ വിവരങ്ങളും ഡേറ്റാബേസിൽ നിന്നും തനിയെത്തന്നെ ഫിൽ ആവുന്നതാണ്. **മാനുവലായി രോഗിയുടെ വിവരങ്ങൾ എന്റർ ചെയ്യേണ്ടതില്ല.**





തുടർന്ന്, താഴെയുള്ള Visit Details എന്ന ഭാഗത്ത് കാണേണ്ടുന്ന ഡോക്ടറുടെ വിവരങ്ങൾ സെലക്ട് ചെയ്തശേഷം, താഴെയുള്ള Register ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ഓ.പി. ടിക്കറ്റ് ജനറേറ്റ് ചെയ്യപ്പെടുന്നതാണ്.

# SELF OP REGISTRATION USING SCAN & SHARE


സ്കാൻ & ഷെയർ വഴി ക്യൂ.ആർ. കോഡ് സ്കാൻ ചെയ്ത് ടോക്കൺ എടുത്തിട്ടുള്ള രോഗികളുടെ ഓ.പി. രജിസ്ട്രേഷൻ ABDM വിൻഡോ വഴിയാണ് ചെയ്യുന്നത്. അവർ സ്കാൻ ചെയ്ത സമയത്ത് മൊബൈൽ ആപ്ലിക്കേഷനിൽ consent നല്കിയിട്ടുള്ളതിനാൽ, വീണ്ടും മൊബൈൽ വഴി വെരിഫിക്കേഷൻ ആവശ്യമില്ല. ഏറ്റവും എളുപ്പത്തിൽ ഓ.പി. രജിസ്ട്രേഷൻ ചെയ്യാവുന്നത് സ്കാൻ & ഷെയർ വഴിയാണ്.





സ്കാൻ & ഷെയർ വഴി ടോക്കൺ എടുത്തിട്ടുള്ളവരുടെ വിവരങ്ങൾ ABDM വിൻഡോയിൽ Shared Profile എന്ന ഓപ്ഷനിൽ കിട്ടുന്നതാണ്. അതിനായി Shared Profile ൽ Select Counter എന്ന കോളത്തിൽ Counter No. 1 [ഏത് കൗണ്ടറിലാണോ QR കോഡ് അസൈൻ ചെയ്തിരിക്കുന്നത്, ആ കൗണ്ടർ] സെലക്റ്റ് ചെയ്യുക.



തുടർന്ന് താഴെയായി Call Patient, Missing Queue, Patient List എന്നിങ്ങനെ 3 ഓപ്ഷനുകൾ വരുന്നതാണ്. അതിൽ **Call Patient** ൽ ക്ലിക്ക് ചെയ്യുക. QR കോഡ് സ്കാൻ ചെയ്ത് ടോക്കൺ എടുത്തിട്ടുള്ളവരുടെ പേരുവിവരങ്ങൾ മുൻഗണനാക്രമത്തിൽ ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്.




അതിൽ രോഗിയുടെ പേരിന് നേരെയുള്ള Proceed ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ രോഗിയുടെ മുഴുവൻ വിവരങ്ങളും Patient Details എന്ന രജിസ്ട്രേഷൻ പേജിൽ തനിയെത്തന്നെ വരുന്നതാണ്.





തുടർന്ന്, താഴെയുള്ള Visit Details എന്ന ഭാഗത്ത് കാണേണ്ടുന്ന ഡോക്ടറുടെ വിവരങ്ങൾ സെലക്ട് ചെയ്തശേഷം, താഴെയുള്ള Register ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ഒ.പി. ടിക്കറ്റ് ജനറേറ്റ് ചെയ്യപ്പെടുന്നതാണ്.


# ABHA CREATION AND OP REGISTRATION

ABHA നമ്പർ ഇല്ലാത്ത രോഗികൾക്ക് ABHA നമ്പർ ഇ – ഹോസ്പിറ്റലിന്റെ ഓ.പി. രജിസ്ട്രേഷൻ മോഡ്യൂൾ വഴി ക്രിയേറ്റ് ചെയ്തുനൽകാനും, അതുവഴി പിന്നീടുള്ള റീവിസിറ്റുകളിലെ രജിസ്ട്രേഷൻ എളുപ്പത്തിലാക്കാനും കഴിയുന്നതാണ്. ABHA നമ്പർ ക്രിയേറ്റ് ചെയ്യുന്നത് ഒരിക്കൽ മാത്രം ചെയ്യേണ്ടുന്ന കാര്യമാണ്. ഇപ്രകാരം ABHA നമ്പർ രോഗിയ്ക്ക് ക്രിയേറ്റ് ചെയ്തുനൽകിയാൽ അവർക്ക് സ്കാൻ & ഷെയർ വഴി സെൽഫ് ഓ.പി. രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കുന്നതാണ്.


ഇ – ഹോസ്പിറ്റലിൽ ABHA നമ്പർ ക്രിയേറ്റ് ചെയ്യുന്നത് ഓ.പി. രജിസ്ട്രേഷൻ മോഡ്യൂളിലെ ABDM വിൻഡോ വഴിയാണ്. ABHA നമ്പർ ക്രിയേറ്റ് ചെയ്യുന്നതിനോടൊപ്പം , അപ്പോൾ തന്നെ ഓ.പി. ടിക്കറ്റ് ജനറേറ്റ് ചെയ്യാൻ സാധിക്കുന്നതാണ്. പുതുതായി ഒരു രോഗിയ്ക്ക് ABHA നമ്പർ ക്രിയേറ്റ് ചെയ്യുന്നതിനായി, ABDM വിൻഡോയിൽ **Patient want to create ABHA** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുടർന്ന്, താഴെയുള്ള **Enter Aadhar No.** എന്ന കോളത്തിൽ രോഗിയുടെ ആധാർ നമ്പർ നൽകിയശേഷം വലതുവശത്തുള്ള **NEXT** ബട്ടണിൽ ക്ലിക്ക് ചെയ്യുക.





രോഗിയുടെ ആധാറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിൽ വരുന്ന ആധാർ OTP, നിർദ്ദിഷ്ടകോളത്തിൽ എന്റർ ചെയ്തശേഷം, വലതുവശത്തുള്ള **VERIFY** ബട്ടണിൽ ക്ലിക്ക് ചെയ്യുക.




ഇതോടുകൂടി ആധാർ വെരിഫൈഡ് ആകുന്നതാണ്. അടുത്തതായി ABHA യുടെ ഡേറ്റാബേസിൽ ഉപയോഗിക്കുന്നതിനായി ഒരു മൊബൈൽ നമ്പർ നൽകാനുള്ള കോളം വരുന്നതാണ്. ആധാറിൽ രജിസ്റ്റർ ചെയ്ത നമ്പറോ, അല്ലെങ്കിൽ വേറെ നമ്പറോ നൽകാവുന്നതാണ്. ഇപ്രകാരം നിർദ്ദിഷ്ടകോളത്തിൽ ഫോൺ നമ്പർ നൽകിയശേഷം **NEXT** ബട്ടണിൽ ക്ലിക്ക് ചെയ്യുക.




തുടർന്ന്, ഇപ്പോൾ നൽകിയ ഫോൺ നമ്പറിൽ ഒരു OTP വരുന്നതാണ്. അത് നിർദ്ദിഷ്ടകോളത്തിൽ എന്റർ ചെയ്യുക.





അതിനുശേഷം വലതുവശത്തുള്ള **VERIFY** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ABHA നമ്പർ ജനറേറ്റ് ആവുകയും, അത് Patient Details എന്ന പേജിൽ രജിസ്ട്രേഷനടക്കമുള്ള വിവരങ്ങളായി അപ്ഡേറ്റ് ആവുകയും ചെയ്യുന്നതാണ്. ABHA, ABHA Number എന്നീ കോളങ്ങളിൽ യഥാക്രമം ABHA അഡ്രസ്സും ABHA നമ്പറും കാണാവുന്നതാണ്. ഓ.പി. ടിക്കറ്റിന്റെ പ്രിന്റ് എടുക്കുമ്പോൾ ABHA നമ്പർ അതിൽ പ്രിന്റായി വരുന്നതാണ്.





തുടർന്ന്, Visit Details എന്ന ഭാഗത്ത് കാണേണ്ടുന്ന ഡോക്ടറുടെ വിവരങ്ങൾ സെലക്ട് ചെയ്തശേഷം **Register** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ABHA നമ്പർ ക്രിയേഷൻ പൂർത്തിയാവുകയും, ABHA നമ്പർ അടക്കമുള്ള ഓ.പി. ടിക്കറ്റ് ജനറേറ്റ് ആവുകയും ചെയ്യുന്നതാണ്.

## CASUALTY OP REGISTRATION

Casualty യിൽ വരുന്ന രോഗികളുടെ രജിസ്ട്രേഷനും OPD Registration മോഡ്യൂൾ വഴിയാണ് ചെയ്യുന്നത്. അതിനായി OPD Registration മോഡ്യൂളിലെ Patient registration Desk എന്ന മെനുവിലെ Casualty / Emergency Registration എന്ന ഓപ്ഷനാണ് ഉപയോഗിക്കുന്നത്. **Casualty/Emergency Registration** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ Patient Casualty Information പേജ് ഓപ്പണാകുന്നതാണ്.




ഈ പേജിലെ Unknown, Brought By, Brought By Name, Brought Dead എന്നീ കോളങ്ങൾ കൃത്യമായി പൂരിപ്പിക്കുക. തുടർന്ന്, താഴെയുള്ള Patient Details എന്ന ഭാഗത്തെ വിവരങ്ങൾ സാധാരണ രജിസ്ട്രേഷൻ പോലെ പൂരിപ്പിക്കുക. അതിനുശേഷം, താഴെയുള്ള Visit Details എന്ന ഭാഗത്ത് Casualty എന്നത് സെലക്റ്റ് ചെയ്തശേഷം ഡോക്ടറേയും സെലക്റ്റ് ചെയ്ത് , **Register** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ കാഷ്വാലിറ്റി രജിസ്ട്രേഷൻ പൂർത്തിയാവുകയും, ഓ.പി. ടിക്കറ്റ് ജനറേറ്റ് ആവുകയും ചെയ്യുന്നതാണ്.





കാഷ്വാലിറ്റി രജിസ്ട്രേഷൻ ചെയ്യണമെങ്കിൽ, അതിന്റെ കോൺഫിഗറേഷൻ നേരത്തെ ചെയ്തിരിക്കണം. അത് ഐ.ടി. ഡിവിഷനിൽ നിന്നും ചെയ്തുതരുന്നതാണ്. അല്ലെങ്കിൽ ചാർജ്ജ് മെഡിക്കൽ ഓഫീസറുടെ ലോഗിൻ വഴിയും ചെയ്യാവുന്നതാണ്. അതുപോലെ, **സാധാരണ ഓ.പി. രജിസ്ട്രേഷൻ ചെയ്യുമ്പോൾ ഉള്ള UHID നമ്പറിന്റെ തുടർച്ചയായിരിക്കും കാഷ്വാലിറ്റി രജിസ്റ്റർ ചെയ്യുമ്പോൾ ജനറേറ്റ് ചെയ്യുന്ന UHID നമ്പർ.**

# UPDATE REGISTRATION

ഓ.പി. രജിസ്ട്രേഷനായി ഒരിക്കൽ എന്റർ ചെയ്ത രോഗിയുടെ വിവരങ്ങൾ തെറ്റുണ്ടെങ്കിൽ എപ്പോൾ വേണമെങ്കിലും എഡിറ്റ് ചെയ്ത് അപ്ഡേറ്റ് ചെയ്യാവുന്നതാണ്. ABHA ഡേറ്റാബേസിലുള്ള വിവരങ്ങൾ ആണെങ്കിൽ ഇപ്രകാരം അപ്ഡേറ്റ് ചെയ്യാൻ കഴിയുകയില്ല. രോഗിയുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനായി Patient Registration Desk എന്ന മെനുവിലെ Update Registration എന്ന ഓപ്ഷൻ തെരഞ്ഞെടുക്കുക. തുടർന്ന് വരുന്ന പേജിലെ UHID എന്ന കോളത്തിൽ രോഗിയുടെ നമ്പർ നൽകിയശേഷം താഴെയുള്ള Search ബട്ടണിൽ ക്ലിക്ക് ചെയ്യുക.





Patient Demographic details പേജ് എഡിറ്റ് ചെയ്യാവുന്ന വിധത്തിൽ ഓപ്പണാകുന്നതാണ്. അതിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി, താഴെയുള്ള **Update** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ രോഗിയുടെ വിവരങ്ങൾ ഇ – ഹോസ്പിറ്റൽ ഡേറ്റാബേസിൽ അപ്ഡേറ്റ് ആവുന്നതാണ്.




ആയത് സംബന്ധിച്ച ഓൺസ്ക്രീൻ മെസേജ് വരുന്നതാണ്.

# REPORTS

ഓ.പി. രജിസ്ട്രേഷൻ സംബന്ധിച്ച വിവിധ റിപ്പോർട്ടുകൾ OPD Registration മോഡ്യൂളിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. അതിനായി OPD Registration മോഡ്യൂളിലെ Reports എന്ന മെനുവിലെ വിവിധ ഓപ്ഷനുകളിൽ ക്ലിക്ക് ചെയ്താൽ മതിയാവും. താഴെ കാണുന്ന റിപ്പോർട്ടുകളെല്ലാം Reports എന്ന മെനുവിൽ നിന്നും PDF രൂപത്തിൽ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.




Indian Systems of Medicine